LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക

150 (2783) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവൃത്തികൾ നടത്തിയ ഇനത്തിൽ നൽകേണ്ടുന്ന തുകയുടെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; കണക്ക് ലഭ്യമാണോ ;

(ബി) ട്രഷറിയിൽനിന്ന് ഫണ്ട് നൽകാത്തതിനാലാണ് വിതരണത്തിൽ കുടിശ്ശിക വന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആവശ്യമായ ഫണ്ട് ലഭ്യമാകാത്തിനെ തുടർന്ന് ഭവനനിർമ്മാണ പദ്ധതികൾ ഉൾപ്പെടെയുള്ള പഞ്ചായത്തുകളുടെ വികസന പദ്ധതികളെല്ലാം സ്തംഭിച്ചിരിക്കുന്ന അവസ്ഥ പരിഹിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനത്തിനും അഭിവൃദ്ധിക്കുമായുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് 2014-15-ൽ സംസ്ഥാന ബഡ്ജറ്റിലൂടെ നൽകേണ്ടിയിരുന്ന ഫണ്ടിന്റെ എല്ലാ തവണകളും അനുവദിച്ച് വിതരണം ചെയ്തിരുന്നു. ഈ ഇനത്തിൽ കുടിശ്ശികയില്ല.

ഈ സാമ്പത്തിക വർഷംമുതൽ മൂന്ന് തവണകളായാണ് ഇത് അനുവദിച്ച് വിതരണം ചെയ്യുക. ആദ്യത്തെ തവണയായി 1131,94,53,002 രൂപ (ആയിരത്തി ഒരുനൂറ്റി മുപ്പത്തൊന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അമ്പത്തിമൂവായിരത്തി രണ്ട് രൂപ) 2015 മേയ് 19-ന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

ഗ്രാമയാത്രാ പദ്ധതി

151 (2784) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമയാത്രാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;